For materials visit www.educationobserver.com/forum



110

# SSLC EXAMINATION, MARCH - 2015.

## MALAYALAM

Paper II

Time : 1½ Hours

Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് . ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരമെഴുതാൻ മനസ്സിനെ ക്രമീകരിക്കുന്നതിനും ഉപയോഗിക്കാം.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ അതിനുള്ള സ്കോറും അതിന് ആനുപാതികമായി ലഭിക്കുന്ന സമയവും പരിഗണിക്കണം.

Score

1. "ഉദരത്തിൻ പശികെടുത്താൻ പോയ് ഞങ്ങൾ
ഹൃദയത്തിൻവിശപ്പടക്കുവാൻ പോന്നു." 2

ആസ്സാമിൽ പണിക്കു പോയി തിരിച്ചുവരുന്നവരുടെ മനസ്സ് ഈ വരികളിൽ എപ്രകാരമാണ് പ്രതിഫലിക്കുന്നത് ?

2. "അക്കൊച്ചു ശാരിക ! – ഭൂമികന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ" 2

ഈ വരികൾ മലയാളത്തിലെ പ്രസിദ്ധമായ ഒരു സാഹിത്യകൃതിയെയും അതിലൂടെ പ്രചാരം നേടിയ ഒരു കഥാപാത്രത്തെയും ഓർമ്മിപ്പിക്കുന്നു. അവ ഏതൊക്കെയാണ് ? ഓർമ്മിക്കാനുള്ള കാരണമെന്ത് ?

3. "ഹയർ സെക്കന്ററിയിൽ മലയാളമോ ഹിന്ദിയോ ഇഷ്ടാനുസരണം ഐച്ഛികമായി തിരഞ്ഞെടുത്ത് പഠിക്കാവുന്ന രണ്ടാം ഭാഷകളാണ്." 2

— മേൽ കൊടുത്ത വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.

4. "എന്നാൽ എനിക്കതിന്റെ ഭാഷയറിയില്ലല്ലോ." 2

— ഇവിടെ പ്രതിഫലിക്കുന്ന മാനസികാവസ്ഥയെന്ത് ?

P.T.O.

For materials visit www.educationobserver.com/forum



Score

5. "ഏതൊരു വേദവു, മേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവു മേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷ തൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം." 4

"ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ, ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാദ്ധ്യമം ഭാഷയാണ്."

— മേൽ ഉദ്ധരിച്ച കവിതാ ഭാഗവും, ഗദ്യ ഭാഗവും വെളിപ്പെടുത്തുന്ന ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. (അരപ്പുറം)

6. "........................ എന്റെ ഉടലാസകലം ചുട്ടുനീറി, ഞാൻ വിയർത്തൊലിച്ചു. ഉരുട്ടിയ ഉരുള കയ്യിൽ തന്നെ പിടിച്ചുകൊണ്ട് ഒരു ശിലാപ്രതിമ പോലെ ഞാൻ നിശ്ചേഷ്ടനായി ഇരുന്നു പോയി." 4

— ഈ അവസ്ഥയിലേക്ക് വി.ടി. -യെ നയിച്ച സാഹചര്യത്തെയും വ്യക്തികളെയും പരിചയപ്പെടുത്തി സ്വന്തം വാക്യങ്ങളിൽ ഒരു കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

7. "ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ പുറത്തു തനിച്ചു നിൽക്കെ
പെട്ടെന്നു വന്നു പെരുമഴ." 4

— തുടർന്ന് ഉമ്മ ചെയ്ത കാര്യങ്ങളെന്തെല്ലാം ? അങ്ങനെ ചെയ്യുമ്പോൾ ഉമ്മയുടെ മാനസികാവസ്ഥ എന്തായിരുന്നു ? (അരപ്പുറം)

8. "അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റിയറിംഗ് വീലിൽ കൈവച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു." 4

— "എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ" എന്ന കഥ ഇങ്ങനെയാണ് അവസാനിക്കുന്നത്. അയാൾക്ക് നഷ്ടപ്പെട്ടത് എന്തെല്ലാമായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത് ? (അരപ്പുറം)

9. "ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട് എന്നെ സ്വപ്നങ്ങളിലേക്കുറക്കി-ക്കിട ത്തിയവൾ" 4

— മാതൃഭാഷയായ മലയാളമാണ് ഇവിടെ പ്രകീർത്തിക്കപ്പെടുന്നത്. സച്ചിദാനന്ദന്റെ 'മലയാളം' എന്ന കവിതയിൽ നിന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുള്ള മലയാള കവിതാസാഹിത്യചരിത്രസൂചനകൾ സംഗ്രഹിച്ചെഴുതുക. (അരപ്പുറം)

For materials visit www.educationobserver.com/forum



110

Score

10. "ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമിക വിദ്യാലയങ്ങളായി." 6

— മാതൃഭാഷയിലൂടെയുള്ള വിനിമയത്തിന്റെ സുഖകരമായ അനുഭവമാണ് ഈ കുറിപ്പിൽ കാണുന്നത്. മാതൃഭാഷ നമ്മിലുളവാക്കുന്ന വൈകാരികാനുഭൂതിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**(ഒരുപുറം)**

**അല്ലെങ്കിൽ**

നിയതമായ രൂപമില്ലാത്ത പലതിനും രൂപം (മൂർത്തത) കൽപ്പിക്കുക പി.കുഞ്ഞിരാമൻ നായരുടെ കാവ്യരചനയിൽ സാധാരണമാണ്. 'സൗന്ദര്യപൂജ' എന്ന കവിതയെ മുൻനിർത്തി, ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുന്ന ഉപന്യാസം തയ്യാറാക്കുക. **(ഒരുപുറം)**

11. 'ആടുജീവിത'ത്തിൽ വിവരിച്ചിട്ടുള്ള വിധത്തിലല്ലെങ്കിലും മറുദേശങ്ങളിൽ കഠിനാദ്ധ്വാനം ചെയ്യുന്ന ധാരാളം മലയാളികളുണ്ട്. 'ആടുജീവിത'ത്തെ മുൻനിർത്തി "പ്രവാസികളുടെ ജീവിതപ്രശ്നങ്ങൾ" എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക. **(ഒരുപുറം)** 6

- o O o -